ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 22.09.2024

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ യു.എസ് സന്ദർശനം തുടരുന്നു; ന്യൂയോർക്കിൽ ഇന്ത്യൻ സമൂഹവുമായി പ്രധാനമന്ത്രി ഇന്ന് സംവദിക്കും; യു.എൻ പൊതുസഭയുടെ, ഉച്ചകോടിയെ നാളെ അഭിസംബോധന ചെയ്യും.

2. കേന്ദ്ര സാമൂഹിക നീതി വകുപ്പിന് കീഴിൽ ഭിന്നശേഷിക്കാർക്കായി കോഴിക്കോട് പ്രവർത്തിക്കുന്ന സ്ഥാപനത്തിലെ വിവിധ പദ്ധതികൾ കേന്ദ്ര സഹമന്ത്രി ബി. എൽ. വർമ്മ ഉദ്ഘാടനം ചെയ്തു.

3. സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യത; നാളെ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത ; കേരള – കർണ്ണാടക – ലക്ഷദ്വീപ് തീരങ്ങളിൽ നാളെയും മറ്റെന്നാളും മത്സ്യബന്ധനത്തിന് വിലക്ക്.

4. കർണ്ണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തിരച്ചിൽ തുടരുമെന്ന് ജില്ലാ ഭരണകൂടം.

5. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ഈസ്റ്റ് ബംഗാളുമായി ഏറ്റുമുട്ടും.

**************************************

## മോദി - ബൈഡൻ

യു.എസ് സന്ദർശനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂയോർക്കിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യും. യുഎസ് ആസ്ഥാനമായുള്ള പ്രമുഖ കമ്പനികളുടെ സിഇഒമാരുമായും അദ്ദേഹം സംവദിക്കും. നാളെ ന്യൂയോർക്കിൽ നടക്കുന്ന യു.എൻ പൊതുസഭയുടെ, ഉച്ചകോടിയേയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. നേരത്തെ, യുഎസിലെ ഡെലവെയറിൽ ക്വാഡ് നേതാക്കളുടെ ഉച്ചകോടിയെ അദ്ദേഹം അഭിസംബോധന ചെയ്തിരുന്നു. സ്വതന്ത്രവും സമൃദ്ധവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഇന്തോ-പസഫിക് മേഖലക്ക് വേണ്ടി ക്വാഡ് പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. 2025-ൽ ഉച്ചകോടി ഇന്ത്യയിൽ സംഘടിപ്പിക്കാനുള്ള തീരുമാനത്തിൽ ശ്രീ മോദി സന്തോഷം പ്രകടിപ്പിച്ചു.

RNU TVPM

**************************************

## ക്യാൻസർ മൂൺഷോട്ട്

ഇൻഡോ-പസഫിക് രാജ്യങ്ങൾക്കായി ഇന്ത്യ 40 ദശലക്ഷം വാക്സിൻ ഡോസുകൾ സംഭാവന ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അറിയിച്ചു. ക്വാഡ് ഉച്ചകോടിയുടെ ഭാഗമായി ക്യാൻസർ മൂൺഷോട്ട് പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സെർവിക്കൽ ക്യാൻസർ പോലുള്ള വെല്ലുവിളികളെ സംയുക്തമായി നേരിടാനുള്ള ക്വാഡ് രാജ്യങ്ങളുടെ തീരുമാനത്തിൽ ശ്രീ മോദി സന്തോഷം പ്രകടിപ്പിച്ചു. ചെലവ് കുറഞ്ഞ രീതിയിൽ, സെർവിക്കൽ ക്യാൻസർ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ ഇന്ത്യയിൽ വൻതോതിൽ നടന്നുവരികയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

************************************

## കേന്ദ്ര സഹമന്ത്രി - കോഴിക്കോട്

കേന്ദ്ര സാമൂഹിക നീതി വകുപ്പിന് കീഴിൽ ഭിന്നശേഷിക്കാർക്കായി കോഴിക്കോട് പ്രവർത്തിക്കുന്ന സ്ഥാപനത്തിലെ വിവിധ പദ്ധതികൾ കേന്ദ്ര സഹമന്ത്രി ബി. എൽ. വർമ്മ ഉദ്ഘാടനം ചെയ്തു. ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായി കേന്ദ്രസർക്കാർ നിരവധി പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് കേന്ദ്രസഹമന്ത്രി പറഞ്ഞു. അധ്യാപകർ, ജീവനക്കാർ എന്നിവരുമായി സംവദിച്ച അദ്ദേഹം ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങളും വിതരണം ചെയ്തു. സ്വച്ഛത ഹി സേവ' ക്യാമ്പയിന്റെ ഭാഗമായി 'ഏക് പേട് മാം കേ നാം' പരിപാടിയിലും കേന്ദ്രസഹമന്ത്രി പങ്കെടുത്തു.

************************************

RNU TVPM

## കേന്ദ്ര സർക്കാർ-നൂറു ദിവസം

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ മൂന്നാം വട്ടവും അധികാരത്തിലെത്തി നൂറു ദിവസം പിന്നിടുമ്പോൾ യുവാക്കൾക്കായി നടപ്പാക്കിയത് നിരവധി പദ്ധതികൾ. 75,000 പുതിയ മെഡിക്കൽ സീറ്റുകൾ, നാളന്ദ സർവകലാശാല കാമ്പസിന്റെ ഉദ്ഘാടനം, എംപ്ലോയ്മെൻറ് ലിങ്ക്ഡ് ഇൻസെൻ്റീവ് എന്നിവയാണ് പദ്ധതികളിൽ ചിലത്. യുവാക്കളെ മയക്കുമരുന്ന് ഭീഷണിയിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾക്കും കേന്ദ്രസർക്കാർ രൂപം നൽകി. ലഹരി മുക്ത ഭാരതമെന്ന ലക്ഷ്യം മുൻ നിർത്തി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മനസ്സ് ഹെൽപ്പ് ലൈന് തുടക്കം കുറിച്ചു.

************************************

## ഗുണഭോക്താവ് (ഇൻട്രോ)

നരേന്ദ്രമോദി സർക്കാർ മൂന്നാം തവണയും അധികാരത്തിലെത്തി നൂറു ദിവസം പിന്നിടുമ്പോൾ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.

**ഇടുക്കിയിൽ നിന്നുള്ള കർഷകൻ വിക്രമന്റെ വാക്കുകളിലേക്ക്....**

(വോയിസ്)

**************************************

## ഉദുമ സബ് രജിസ്ട്രാർ ഓഫീസ്

കാസർഗോഡ് ഉദുമ സബ് രജിസ്ട്രാർ ഓഫീസ് നാളെ മുതൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ച് തുടങ്ങും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം നിർവഹിക്കും. ഇതോടെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകൾക്കും സ്വന്തം കെട്ടിടം ഉള്ള ആദ്യ ജില്ലയായി കാസർകോട് മാറും.

RNUTVPM

**************************************

## കിയാൽ - സോളാർ പ്രോജക്ട്

ഊർജ്ജ ചെലവും പാരിസ്ഥിതിക ആഘാതവും കുറയ്ക്കുന്നത് ലക്ഷ്യമിട്ട് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ 4 മെഗാ വാട്ട് സോളാർ പദ്ധതി ഒരുങ്ങുന്നു. വിമാനത്താവളത്തിന്റെ വൈദ്യുതി ഉപഭോഗ ചെലവുകളും കാർബൺ ഫുട്ട്പ്രിൻറുകളും കുറയ്ക്കാൻ സഹായകമാകുന്ന പദ്ധതിയാണിത്. രാവിലെ 6 മണി മുതൽ വൈകിട്ട് 6 മണി വരെ വൈദ്യുതി ലഭ്യമാക്കുന്ന സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിലൂടെ ബാഹ്യ വൈദ്യുതി സ്രോതസുകളെ ആശ്രയിക്കുന്നത് കുറയ്ക്കുകയാണ് ലക്ഷ്യം.

***********************************

## കണ്ണൂർ - ഇൻട്രോ

കണ്ണൂർ അഴീക്കൽ മത്സ്യബന്ധന തുറമുഖത്തിൻറെ ആധുനികവൽക്കരണം അടുത്ത മാർച്ചോടെ പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ ഊർജ്ജിതം. ആയിരത്തിലധികം മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്ന ഹാർബർ ആണ് നവീകരിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....**

(വോയ്സ്)

***********************************

## തദ്ദേശ അദാലത്ത്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വയനാട് ജില്ലാ തദ്ദേശ അദാലത്ത് ഒക്ടോബർ 1 ന് സുൽത്താൻ ബത്തേരി മുനിസിപ്പൽ ടൗൺ ഹാളിൽ നടക്കും. അപേക്ഷ നൽകിയതും സമയപരിധിക്കകം സേവനം ലഭിക്കാത്തതുമായ വിഷയങ്ങളിലുള്ള പരാതികൾ, നിവേദനങ്ങൾ തുടങ്ങിയവ അദാലത്തിൽ പരിഗണിക്കും. ഈ മാസം 25 നകം പരാതികൾ ഓൺലൈനായി നൽകാവുന്നതാണ്.

***********************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത് ഈ മാസം 29

RNUTVPM

ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 114 - ആം പതിപ്പാണിത്. പരിപാടിയിലേക്ക് ജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന നമ്പറിലോ, MyGov ഓപ്പൺ ഫോറത്തിലോ ഈ മാസം 27 വരെ അറിയിക്കാവുന്നതാണ്.

*************************************

## മനുഷ്യാവകാശ കമ്മീഷൻ

പൂനെയിലെ സ്വകാര്യ കമ്പനിയിൽ ചാർട്ടേഡ് അക്കൗണ്ടന്റ് ആയിരുന്ന മലയാളി യുവതിയുടെ മരണത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയ കേസ് എടുത്തു. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന് നോട്ടീസ് അയച്ച കമ്മീഷൻ നാലാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാനും നിർദേശം നൽകി. ജോലി ഭാരം മൂലമാണ് യുവതി മരിച്ചതെന്ന പരാതി ഏറ്റെ ഗൗരവമേറിയതാണെന്നും രാജ്യത്തെ തൊഴിലാളി നയങ്ങളും തൊഴിൽ സംസ്കാരവും വിലയിരുത്തപ്പെടേണ്ടതാണെന്നും കമ്മീഷൻ വ്യക്തമാക്കി.

RIJUTVPM

*************************************

## മഴ മുന്നറിയിപ്പ്

സംസ്ഥാനത്ത് നാളെ വ്യാപക മഴയ്ക്ക് സാധ്യത. എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മറ്റെന്നാളും മഞ്ഞ ജാഗ്രതയാണ്. കേരള – കർണ്ണാടക – ലക്ഷദ്വീപ് തീരങ്ങളിൽ നാളെയും മറ്റെന്നാളും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

*************************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ഈസ്റ്റ് ബംഗാളുമായി ഏറ്റുമുട്ടും. രാത്രി 07.30 ന് കൊച്ചിയിലാണ് മത്സരം. പഞ്ചാബിനെതിരെ നടന്ന ഈ സീസണിലെ ആദ്യമത്സരത്തിൽ ബ്ലാസ്റ്റേഴ്സ് പരാജയപ്പെട്ടിരുന്നു.

************************************

## അത്‌ലറ്റിക്സ് മീറ്റ്

കേന്ദ്രീയ വിദ്യാലയയുടെ 53-ാമത് ദേശീയ കായിക മത്സരങ്ങളുടെ ഭാഗമായുള്ള, പെൺകുട്ടികളുടെ അത്‌ലറ്റിക്സ് മീറ്റിന് തിരുവനന്തപുരത്ത് തുടക്കമായി. കേന്ദ്രീയ വിദ്യാലയ എറണാകുളം റീജിയണിന്റെ നേതൃത്വത്തിൽ നടക്കുന്ന മീറ്റിൽ 49 ഇനങ്ങളിലായി 452 വിദ്യാർത്ഥികൾ പങ്കെടുക്കുന്നുണ്ട്. മത്സരങ്ങൾ 26 ന് സമാപിക്കും.

RNU TVPM

************************************

## ഷിരൂർ തിരച്ചിൽ (ഇൻട്രോ)

കർണ്ണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി ലോറി ഡ്രൈവർ അർജുനായുള്ള തിരച്ചിൽ തുടരുമെന്ന് ജില്ലാ ഭരണകൂടം അറിയിച്ചു. ഡ്രഡ്ജറിൻറെ സഹായത്തോടെയാണ് ഗംഗാവലി പുഴയിൽ തെരച്ചിൽ നടത്തുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി പി. ജഗന്നിവാസൻ ചേരുന്നു....**

(വോയിസ്)

************************************

## അബ്ദുൽ റഷീദ് മുസലിയാർ

ശബരിമലയിലെ വാവര് സ്വാമിയുടെ പ്രതിനിധി വായ്പൂർ വെട്ടിക്കൽ അബ്ദുൽ റഷീദ് മുസലിയാരിന്റെ കബറടക്കം വായ്പൂര് പഴയ പള്ളി കബർസ്ഥാനിൽ നടന്നു. അർബുദബാധിതനായി ചികിത്സയിലായിരുന്ന അദ്ദേഹം ഇന്നലെയാണ് അന്തരിച്ചത്. രണ്ട് മാസം മുമ്പ് വരെ ശബരിമലയിലെ ചുമതലകൾ നിർവഹിച്ചിരുന്നു. 10 വർഷത്തിലധികമായി ശബരിമലയിൽ വാവര് സ്വാമിയുടെ പ്രതിനിധിയായി ചുമതല നിർവഹിച്ചു വരികയായിരുന്നു.

*******************************************************

************************************

**********************

RNU TVPM